ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ കെ. എഫ്. സി. നല്കുന്ന വായ്പ

12 (1067) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ വായ്പ നല്കുന്നുണ്ടോ ;

(ബി) പരമാവധി എത്രലക്ഷം രൂപവരെയാണ് വായ്പ നല്കിവരുന്നത് ;

(സി) ഇങ്ങനെ നല്കുന്ന വായ്പ തിരികെ അടയ്ക്കുന്നതിനുള്ള പരമാവധി കാലാവധി എത്ര വർഷമാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം തരത്തിലുള്ള ജാമ്യവ്യവസ്ഥകളിൻമേലാണ് വായ്പ ലഭ്യമാക്കി വരുന്നത് ;

(ഇ) വായ്പ ലഭ്യമാക്കുമ്പോൾ വ്യവസായം ആരംഭിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒത്തിണങ്ങുന്നതിനനുസരിച്ചുതന്നെയാണ് വായ്പാഗഡു അനുവദിക്കുന്നത് എന്ന് ഉറപ്പു വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) പലപ്പോഴും വായ്പ അനുവദിച്ച് നാലും അഞ്ചും വർഷങ്ങൾ കഴിഞ്ഞ് അതിനുശേഷമാണ് വായ്പാഗഡുക്കൾ വ്യവസായ സംരംഭകന് ലഭിച്ചിട്ടുള്ളത് എന്ന പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ജി) ഇത്തരം നിവേദനങ്ങളിൻമേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എച്ച്) കെ. എഫ്. സി. വായ്പകളുടെ പലിശനിരക്ക് എത്ര ശതമാനം വരെയാകാം എന്ന് വിശദമാക്കുമോ ;

(ഐ) പല വായ്പാ ഗുണഭോക്താക്കളുടെ പക്കൽനിന്നും നിശ്ചയിക്കപ്പെട്ട നിരക്കിനേക്കാൾ അമിതമായ പലിശ കെ. എഫ്. സി. ഈടാക്കുന്നുണ്ട് എന്ന പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ജെ) എങ്കിൽ ഇത്തരം പരാതികളിൻമേൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 240 ലക്ഷം രൂപവരെ

(സി) പരമാവധി 10 വർഷം വരെയാണ്.

(ഡി) വ്യവസായ ആവശ്യങ്ങൾക്കുള്ള സ്ഥലം, കെട്ടിടം, യന്ത്രസാമഗ്രികൾ എന്നിവയ്ക്ക് പുറമെ സ്ഥാവരജംഗമ വസ്തുക്കളും ജാമ്യമായി ആവശ്യപ്പെടാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്.

(ജി) കോർപ്പറേഷൻ വായ്പാ വിതരണം ചെയ്യുന്നത് ഘട്ടം ഘട്ടമായിട്ടാണ്. ഓരോഘട്ടത്തിലും സംരംഭകന്റെ മുതൽമുടക്ക് നിജപ്പെടുത്തി അതിൻമേൽ അർഹതപ്പെട്ട വായ്പ തുകയാണ് വിതരണം ചെയ്യാറുള്ളത്. ഈ കൊടുക്കുന്ന തുകയാണ് അടുത്ത ഘട്ടത്തിലേക്ക് മുടക്കുന്നത്. ഈ രീതിയിൽ വായ്പ വിതരണം ചെയ്താൽ മാത്രമേ പദ്ധതി യഥാസമയം പൂർത്തീകരിക്കുമെന്ന് ഉറപ്പുവരുത്താൻ സാധിക്കുകയുള്ളു. സാധാരണ രീതിയിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് ഒരു വർഷം മുതൽ 2 വർഷം വരെയാണ് സമയം അനുവദിക്കാറുള്ളത്. ഈ സമയത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കിയില്ലെങ്കിൽ വായ്പ തുക അതിനനുസരിച്ച് പരിമിതപ്പെടുത്താറുണ്ട്. എന്നാൽ സംരംഭകന്റെ അപേക്ഷ പ്രകാരം കോർപ്പറേഷന് ബോദ്ധ്യമായാൽ സമയം നീട്ടിക്കൊടുക്കാറുണ്ട്. സംരംഭകന്റെ ആവശ്യപ്രകാരമല്ലാതെ യാതൊരു കാരണവശാലും പദ്ധതി നടപ്പാക്കുന്ന കാലാവധി നീട്ടിക്കൊടുക്കാറില്ല.

(എച്ച്) ചെറുകിട വ്യവസായങ്ങൾക്ക് വായ്പ നല്കുന്നത് 15.5 ശതമാനത്തിനും ഇടത്തരം വ്യവസായങ്ങൾക്കും സേവനോപകാരപ്രദമായ സംരംഭങ്ങൾക്കും 16 ശതമാനം വരെയുമാണ് പരമാവധി പലിശ ചുമത്തുന്നത്.

(ഐ) ഉണ്ട്.

(ജെ) കോർപ്പറേഷന്റെ പ്രധാന ധനാഗമമാർഗ്ഗങ്ങൾ സിഡ്ബി (SIDBI), ഐ.ഡി.ബി.ഐ. (IDBI) എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള പുനർവായ്പ, മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ എന്നിവയാണ്. കോർപ്പറേഷന്റെ പലിശ കാലാകാലങ്ങളിൽ നിശ്ചയിക്കുന്നത് മുകളിൽ പറഞ്ഞകാര്യങ്ങളെ അടിസ്ഥാനമാക്കിയാണ്. കൂടാതെ വീഴ്ച വരുത്തുന്ന വ്യവസായികളിൽനിന്നും 2% പിഴപലിശ ഈടാക്കാറുണ്ട്.

കെ. എഫ്. സി. യിൽനിന്നും വായ്പയെടുത്ത് പി.വി.സി. പൈപ്പ് നിർമ്മാണ വ്യവസായം തുടങ്ങിയവർ

13 (1068) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.വി.സി. പൈപ്പ് നിർമ്മാണം ആരംഭിക്കുവാൻ കെ.എഫ്.സി. യിൽ നിന്നും വ്യവസായ വായ്പയെടുത്തവർ എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പി.വി.സി. പൈപ്പുകൾ നിർമ്മാണവ്യവസായം തുടങ്ങാൻ കെ.എഫ്.സി.യിൽ നിന്നും വായ്പയെടുത്തതിനുശേഷം വായ്പ തിരിച്ചടക്കാതെ വ്യവസായം പൂട്ടിപ്പോവുകയും കെ.എഫ്.സി. ക്കുവേണ്ടി റവന്യൂ റിക്കവറി ആവുകയും ചെയ്ത എത്ര സ്ഥാപനങ്ങളുണ്ട്; അവ ഏതൊക്കെയാണ്; അതിന്റെ വ്യവസായസംരംഭകർ ആരൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly